**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3862** **15-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ; | (എ) | പയ്യന്നൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്ഥാപനത്തിൽ മെഡിക്കൽ ബോർഡിലേയ്ക്ക് ആവശ്യമായ സൈക്യാട്രി, ഫിസിയാട്രി എന്നീ വിഭാഗം ഡോക്ടർമാരുടേയും ക്ലിനിക്കൽ സൈക്കോളജി വിഭാഗം ഉദ്യോഗസ്ഥരുടേയും തസ്തിക നിലവിൽ ഇല്ല. എങ്കിലും ആവശ്യമുള്ളപ്പോൾ മറ്റ ആശുപത്രികളിൽ നിന്നും ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പയ്യന്നൂർ താലൂക്കിലെ ഭിന്നശേഷിക്കാർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി നിലവിൽ ഏത് ആശുപത്രിയെയാണ് ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ജില്ലാ ആശുപത്രി, കണ്ണൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് എന്നീ ആശുപത്രികളെയാണ് പയ്യന്നൂർ താലൂക്കിലെ ഭിന്നശേഷിക്കാർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനായി നിലവിൽ ആശ്രയിക്കുന്നത് |
| (സി) | കണ്ണൂർ ജില്ലാ ആശുപത്രിയെ കൂടാതെ ജില്ലയിൽ ഏതെല്ലാം താലൂക്ക് ആശുപത്രികളിലാണ് മെഡിക്കൽ ബോർഡ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ; | (സി) | ജനറൽ ആശുപത്രി, തലശ്ശേരി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ് എന്നീ ആശുപത്രികളിൽ മെഡിക്കൽ ബോർഡ് നിലവിൽ ഉണ്ട്. |
| (ഡി) | മെഡിക്കൽ ബോർഡ് യോഗം ചേരുന്നതിന് മാനദണ്ഡം നിലവിൽ ഉണ്ടോ; സാധാരണ മാസത്തിൽ എത്ര തവണയാണ് യോഗം ചേരാറുള്ളത്; വിശദമാക്കാമോ? | (ഡി) | മാനദണ്ഡം നിലവിലുണ്ട്. അപേക്ഷകർക്ക് മുൻകൂട്ടി തീയതി നിശ്ചയിച്ച് നൽകുകയും, ഓരോ കാറ്റഗറി അനുസരിച്ച് പങ്കെടുപ്പിക്കുകയും ചെയ്യുന്നു. ആറ് വിഭാഗങ്ങളിലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ മെഡിക്കൽ ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. കണ്ണൂർ, ജില്ലാ ആശുപത്രി, തലശ്ശേരി ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മാസത്തിൽ എല്ലാ ബുധനാഴ്ചകളിലും മെഡിക്കൽ ബോർഡ് യോഗം ചേരുന്നുണ്ട്. തളിപ്പറമ്പ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മാസത്തിൽ ഒരു |

| | | | |
|---|---|---|---|
| | | | തവണ മാത്രമേ മെഡിക്കൽ ബോർഡ് യോഗം ചേരാറുള്ളൂ |

സെക്ഷൻ ഓഫീസർ